**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1391** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>നേമം മണ്ഡലത്തിലെ സ്കിൽ ഇന്ത്യ സെന്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** നേമം മണ്ഡലത്തിൽ സ്കിൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായുള്ള സെന്ററിന്റെ നിലവിലെ പ്രവർത്തന പുരോഗതിയെ കുറിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം ജില്ലയിലെ കരമനയിൽ സ്കിൽ ഇന്ത്യ ഇന്റർനാഷണൽ സെന്റർ (SIIC) സ്ഥാപിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കരമന ബോയ്സ് ഹൈസ്കൂൾ കാമ്പസിനുള്ളിലെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടവും, ആവശ്യമായ ഭൂമിയും തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് (KASE) ഉപയോഗാനുമതി നൽകിയിട്ടുണ്ട്. സ്കിൽ ഇന്ത്യ ഇന്റർനാഷണൽ സെന്റർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രം പരിശോധിച്ചു വരുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല ആരെയെല്ലാമാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സ്കിൽ ഇന്ത്യ ഇന്റർനാഷണൽ സെന്റർ പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനാണ്.

**സെക്ഷൻ ഓഫീസർ**